GOVT.H.W.L.P.SCHOOL,PATTUVAM

EST.1925

STEP TO SUCCESS

# GHWLP School Pattuvam

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷൻ-2025

## ആമുഖം

2025-26 അധ്യയന വർഷത്തിൽ ഗവ. ഹരിജൻ വെൽഫെയർ എൽ.പി. സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയെന്ന ദൗത്യം പൂർത്തീകരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ കർമപദ്ധതിയുടെ രൂപരേഖയാണിത്.

പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുക, സ്വയമേറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, വിദ്യാലയത്തെ വിലയിരുത്തൽ, പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെയും സമൂഹത്തിലെ പ്രതിഭകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു. നമ്മുടെ കുട്ടികളുടെ മികവാർന്ന പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെത്തിക്കുക വഴി പൊതുവിദ്യാലയങ്ങളുടെ മികവ് ഉയർത്തുക എന്ന ദൗത്യത്തോടു കൂടിയാണ് വിഷൻ 2026 എന്ന പേരിൽ ഈ വർഷത്തെ സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കപ്പെടുന്നത്.

### ലക്ഷ്യങ്ങൾ:

- വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ഓരോ ക്ലാസ്സിലും കുട്ടിക്ക് ലഭിച്ചിരിക്കേണ്ട പഠനനേട്ടങ്ങൾ ഉറപ്പു വരുത്തുക.
- വായന, എഴുത്ത്, അടിസ്ഥാന ഗണിത ശേഷികൾ എന്നിവ മുഴുവൻ കുട്ടികളും ആർജ്ജിക്കുകയും സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുക. അടിസ്ഥാന ശേഷികൾ നേടുന്നതിനോടൊപ്പം തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും ഓരോ കുട്ടിയേയും പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളാണ് വിഷൻ 2026ൽ ഉള്ളത്.

## നിലവിലെ അവസ്ഥ:

2025-26 ൽ 1 മുതൽ 4 വരെ ക്ലാസ്സുകളിലായി ആകെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. പ്രധാനാധ്യാപിക, 3 LPSA അസിസ്റ്റന്റുമാർ, ഒരു അറബി അധ്യാപിക (ദിവസവേതനം), PTCM, കുക്ക് എന്നിവർ നിലവിൽ ഈ സ്കൂളിൽ ജോലി ചെയ്യുന്നു.

## നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ:

### 1) വായനാലോകം:

സ്കൂളിലെ മുഴുവൻ കുട്ടികളെയും വായനയുടെ ലോകത്തേക്ക് കൈപിടിച്ചു കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനമാണിത്. വായനയിലൂടെ ഭാവനയുടെ തെളിച്ചവും അതുവഴി രചനയിലേക്കും നയിക്കുന്ന വിധം ഓരോ ക്ലാസ്സ് മുറിയും മാറുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

#### പ്രവർത്തനരീതി:

ജൂൺ 19 വായനാദിനത്തിനു മുന്നോടിയായി ഓരോ ക്ലാസ്സിലെയും കുട്ടികളുടെ നിലവാരമനുസരിച്ച് ലൈബ്രറി പുസ്തകങ്ങൾ തെരഞ്ഞെടുത്ത് ക്ലാസ്സ് ലൈബ്രറി തയ്യാറാക്കുന്നു. ഓരോ ആഴ്ചയിലും കുട്ടികൾ അവർക്കിഷ്ടമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കുന്നു. ക്ലാസ്സിൽ വായന അനുഭവം പങ്കിടുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 'അമ്മവായന'. കഥാവായനക്കു ശേഷം ചിത്രീകരണം, ചെറുകുറിപ്പ് തയ്യാറാക്കൽ.

#### കാലയളവ്:

ജൂൺ മുതൽ മാർച്ച് വരെ

#### ചുമതല:

ക്ലാസ്സ് അധ്യാപിക

## 2) ഒരു ദിനം ഒരറിവ്:

കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തിക്കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെ തുടർച്ചയായ മൂന്നാം വർഷവും നടപ്പിലാക്കുന്ന പരിപാടിയാണിത്. പത്രവാർത്തയെ അടിസ്ഥാനമാക്കിയുള്ള ഓരോ പ്രധാന പൊതുവിജ്ഞാനം ഓരോ ദിവസങ്ങളിലായി പരിചയപ്പെടുത്തുന്നു.

### പ്രവർത്തനരീതി:

സ്കൂൾ പ്രവൃത്തി ദിനങ്ങളിൽ എല്ലാ ദിവസവും ഒരു അറിവ് ചോദ്യരൂപത്തിൽ നോട്ടീസ് ബോർഡിൽ ഇടുന്നു. കുട്ടികൾ (2 മുതൽ 4 ക്ലാസ്സ്) ചോദ്യങ്ങൾ എഴുതിയെടുത്ത് ഉത്തരം പത്രം വായിച്ച് കണ്ടെത്തുന്നു; നോട്ട് ബുക്കിൽ എഴുതുന്നു. ഓരോ മാസത്തിന്റെയും അവസാനം ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. 1, 2 സ്ഥാനങ്ങൾ ലഭിച്ചവർക്ക് സമ്മാനം നൽകുന്നു.

### കാലയളവ്:

ജൂൺ മുതൽ മാർച്ച് വരെ

### ചുമതല:

ഓരോ ആഴ്ചയിലും ഓരോ അധ്യാപകർ

## 3) എന്റെ മലയാളം:

മലയാള ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി ആസൂത്രണം ചെയ്യുന്ന പരിപാടിയാണ് എന്റെ മലയാളം.

### പ്രവർത്തനരീതി:

ഓരോ ക്ലാസ്സിലും മലയാളത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചുള്ള വായനാക്കാർഡ് നൽകി വായിപ്പിക്കുന്നു. അക്ഷരത്തെളിച്ചം പുസ്തകത്തിൽ നിന്നും വർക്ക്ഷീറ്റുകൾ തെരഞ്ഞെടുത്ത് എഴുതിക്കുന്നു. തെറ്റുകൂടാതെ എഴുതാനും വായിക്കാനും പരിശീലനം നൽകുന്നു. ലൈബ്രറിയിൽ നിന്നും ബാലമാസികകൾ, കുറു പുസ്തകങ്ങൾ എന്നിവ തെരഞ്ഞെടുത്ത് വായിക്കാനുള്ള പരിശീലനം നൽകുന്നു.

കാലയളവ് :
ജൂൺ മുതൽ മാർച്ച് വരെ

ചുമതല :
ഇംഗ്ലീഷ് അധ്യാപിക

A) Enrich English, Enjoy English

ഇംഗ്ലീഷ് പഠനം രസകരവും വിജ്ഞാനപ്രദമാക്കാനായി ആസൂത്രണം ചെയ്ത പരിപാടിയാണിത്. ശ്രവണം, ഭാഷണം, വായന, എഴുത്ത് എന്നി ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന വിവിധ പരിപാടികൾ ഇതിൽ ഉൾപ്പെടുന്നു.

(A) ENGLISH ASSEMBLY

ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു.

(B) READ, READ and READ

ഇംഗ്ലീഷ് മാസികകൾ, റീഡിംഗ് കാർഡുകൾ, കഥാപുസ്തകങ്ങൾ ഇവ കുട്ടികൾക്ക് നൽകുന്നു; വായനാമൂലകൾ ഒരുക്കുന്നു. അസംബ്ലിയിൽ വായിക്കാൻ അവസരം നൽകുന്നു.

(C) ENGLISH THEATRE

ഇംഗ്ലീഷ് വാർത്ത, സ്കിറ്റുകൾ, കഥ, ആക്ഷൻ സോങ്ങുകൾ എന്നിവയുടെ വീഡിയോ അവതരണം.

(D) ചുമർ മാസികകൾ (Wall Magazines)

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്ലാസ്സ് തലത്തിൽ ചുമർ മാസികകൾ തയ്യാറാക്കുന്നു.

## ഗണിതം – ലളിതം

കുട്ടികൾക്ക് ഗണിതപഠനം താൽപര്യമുണ്ടാക്കുക എളുപ്പമാക്കുക എന്ന ലക്ഷ്യത്തോടെ ഗണിതത്തിൽ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന തയ്യാറാക്കപ്പെടുന്ന 2026-ലെ വളരെ പ്രധാനപ്പെട്ട ഗണിതം – ലളിതം വിശദീകരണം ഒന്നാണ്.

### (1) ഗണിതലാബ്

ഓരോ ക്ലാസ്സിലെയും ഗണിതാശയങ്ങൾക്കനുസൃതമായ ഗണിതലാബ് സജ്ജമാക്കുക. മൂർത്തവസ്തുക്കളായ മഞ്ചാടികൾ, ജ്യാമിതി രൂപങ്ങൾ, നമ്പർ കാർഡുകൾ, ഗണിത ഉപകരണങ്ങൾ, 10 ഫ്രെയിം, ഉല്ലാസ ചാർട്ടുകൾ, അളവുപാത്രങ്ങൾ, ഏണിയും പാമ്പും, ലൂഡോ, നമ്പർ ഡൈസുകൾ തുടങ്ങി ഗണിത പഠനത്തിനാവശ്യമായ ക്ലോക്കുകൾ, ത്രാസുകൾ, എല്ലാവിധ പഠനോപകരണങ്ങളും സജ്ജമാക്കുക.

### (2) ഗണിതകേളികൾ

കുട്ടികളിൽ ചതുഷ്ക്രിയകൾ എളുപ്പമാക്കുന്നതിനും പിന്നോക്കക്കാർക്ക് കൂടുതൽ ശ്രദ്ധ നൽകി ഗണിതപഠനം അനായാസമാക്കുന്നതിനുമായി ഓരോ ക്ലാസ്സിലെയും നിലവാരത്തിനനുയോജ്യമായ ഗണിതകേളികൾ അവതരിപ്പിക്കുന്നു.

<u>ചുമതല</u> – ക്ലാസ്സ് അധ്യാപിക

<u>കാലയളവ്</u> – ജൂൺ മുതൽ മാർച്ച് വരെ

## സ്മാർട്ട് ക്ലാസ്സ് റൂം

പുതിയ കാലത്തിനനുയോജ്യമായ രീതിയിൽ വിദ്യാലയ അന്തരീക്ഷം സജ്ജീകരിക്കുന്നതിനായി, ക്ലാസ്സ് മുറികൾ ആകർഷകവും താൽപര്യജനകവും ആധുനിക സാങ്കേതിക വിദ്യാ സൗകര്യങ്ങളോടും കൂടിയാകണം. ഓരോ ക്ലാസ്സിലെയും പാഠാനുബന്ധ പ്രവർത്തനങ്ങൾ ഓവർ ഹെഡ് പ്രൊജക്റ്റർ, ലാപ്ടോപ്പ്, സ്പീക്കറുകൾ, എന്നിവയുടെ സഹായത്തോടെ എളുപ്പമാക്കുക എന്ന

ഉദ്ദേശ്യത്തോടു കൂടിയാണ് ഈ വർഷത്തെ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

## ഹരിത വിദ്യാലയം

കുട്ടികളിൽ പ്രകൃതിസ്നേഹം വളർത്താനും സഹജീവികളോട് സ്നേഹവും കരുണയും വളർത്താനും സാധിക്കേണ്ടതുണ്ട്. പരസ്പരാശ്രയത്തിന്റെ പാഠങ്ങൾ കുട്ടികൾ നേരത്തെ തന്നെ ഉൾക്കൊള്ളേണ്ടതും അനിവാര്യമാണ്.

## പ്രവർത്തനരീതി

ജൈവ കൃഷി- സ്കൂളിൽ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജൈവകൃഷി ജൂലൈ - ഒക്ടോബർ മാസങ്ങളിൽ നടത്തുന്നു. പ്രകൃതി പഠന യാത്ര ജനുവരി മാസത്തിൽ നടത്തുന്നു.

## ചുമതല

ക്ലാസ് അധ്യാപകർ

GHWLP സ്കൂൾ

പട്ടുവം

അക്കാദമിക് മാസ്റ്റർപ്ലാൻ

ഉദ്ഗ്രഥിതം

ക്ലാസ് - I

# പ്രവർത്തനങ്ങൾ

## ജൂൺ

- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ
- സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ചിത്രവായന നടത്തുന്നു.
- ക്ലാസ് ലൈബ്രറി ഒരുക്കുന്നു.
- സ്വന്തമായി ലഘു വാക്യങ്ങൾ വായിക്കുന്നു.

## ജൂലായ്

- സംയുക്തഡയറി എഴുതാൻ ആരംഭിക്കുന്നു.
- കുട്ടികൾക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- പുസ്തകങ്ങൾ തൊട്ടറിയാനും നിറം എടുത്തുനോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

## ആഗസ്റ്റ്

- ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്തഡയറി എഴുതാൻ തുടങ്ങുന്നു.
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായനാ കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.

## സെപ്റ്റംബർ

- സ്വന്തമായി ലഘുവാക്യങ്ങൾ എഴുതുന്നു.
- സംയുക്തധ്വനി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തധ്വനി മെച്ചപ്പെടുത്തുന്നു.

## ഒക്ടോബർ

- ചിത്രത്തെ അടിസ്ഥാനമാക്കി, അടിക്കുറിപ്പ് എഴുതുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വന്തം രചനകൾ പ്രദർശിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

## നവംബർ

- ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും, രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- വായനോത്സവം തുടങ്ങുന്നു.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വന്തം വായനക്കാരാക്കുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യത്തിൽ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടവായന നടത്തുന്നു..

## ഡിസംബർ

- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- ചെറുകവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ജനുവരി

- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്തഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
- കുട്ടികളുടെ സ്വന്തരചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

## ഫെബ്രുവരി

- കുട്ടികളുടെ രചനകൾ മാഗസിനിൽ ചേർക്കുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്നു.

GHWLP സ്കൂൾ

പട്ടുവം

അക്കാദമിക് മാസ്റ്റർ പ്ലാൻ

ഗണിതം

ക്ലാസ് - I

## (പ്രവർത്തനങ്ങൾ

### ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കുന്നു.

### ജൂലായ്

- ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതത്തിന് തയ്യാറാകുന്നു.
- സംഖ്യാകാർഡ് തയ്യാറാക്കുന്നു.

### ആഗസ്ത്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

### സെപ്തംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കുന്നു.
- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തുന്നു
- ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തുന്നു
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന് തിരിച്ചറിയുന്നു.
- സംഖ്യാ ഗാനങ്ങൾ ആലപിക്കുന്നു.

## ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയുന്നു.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് മനസ്സിലാക്കുന്നു.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയുന്നു.

## നവംബർ

- സംഖ്യാഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.
- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

- രണ്ട് 10കൾ ചേർന്നാൽ 20 ആകുന്നു എന്ന് കണ്ടെത്തുന്നു.
- പത്തുകളുടെ കൂട്ടത്തോട് 10ൽ താഴെയുള്ള ചെറുകൂട്ടങ്ങൾ ചേർന്ന് ഏത് രണ്ട് പത്തുകളുടെയും ഇടയിലുള്ള സംഖ്യകൾ കണ്ടെത്തി അവയ്ക്ക് പേരു നൽകുന്നു.

## ജനുവരി

- രണ്ടോ അതിലധികമോ സംഖ്യകളുടെ തുക ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു.
- 20ൽ താഴെയുള്ള സംഖ്യകളുടെ വ്യവകലനക്രിയ ഉൾപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു,

## ഫെബ്രുവരി

- വിവിധ ആകൃതിയിലും വലുപ്പത്തിലുമുള്ള വസ്തുക്കൾ നിരീക്ഷിക്കുകയും ശേഖരിക്കുകയും താരതമ്യം ചെയ്യുകയും ചെയ്യുന്നു.
- വ്യത്യസ്തരൂപങ്ങൾ വരയ്ക്കുകയും നിറം നൽകുകയും ചെയ്യുന്നു.
- നീളമളക്കൽ ഒരു വസ്തുവിനെ അതിനേക്കാൾ നീളം കുറഞ്ഞ മറ്റൊരു വസ്തു ഉപയോഗിച്ച് അളക്കുന്നു.

## മാർച്ച്

- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.
- വിശേഷദിവസങ്ങൾ ഉൾപ്പെടുന്ന മാസങ്ങൾ കലണ്ടർ ഉപയോഗിച്ച് കണ്ടെത്തുന്നു.

# GHWLPS Pattuvam

# Academic Master Plan

## English

## Class - I

# Activities

## June

- Introduce simple words
- Provides picture cards.

## July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

## August

- Enjoy songs and sings them with Rhythm and action.
- Read and write simple words and simple sentences.
- Identifies and responds to question words like why, what, who, where etc..

## September.

- Identifies and uses words to denote possession (I have)
- Provides picture cards and reading cards.

October

- Read simple reading cards.
- Make conversation.

November

- Provide more opportunities to read, write and speak English.
- Writes five English words daily

December.

- Picture discription.
- Self Introduction.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.

February

- Reading simple reading cards in assembly.
- Provide the opportunity to express myself in the classroom.

March.

- Read and write simple sentences.
- Picture reading and picture description.
- Reading and writing 'Days of week' and 'twelve months.'

# ഗണിതം

# Academic Master plan

Std: II

## പ്രവർത്തന ലക്ഷ്യങ്ങൾ

-> രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, ഈ സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ

-> സംഖ്യാബോധവും ക്രിയാശേഷികളും ഉറപ്പാക്കൽ

-> ഗണിതത്തിന് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

-> ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (100ൽ താഴെ)

-> ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ കഴിയും.

## മുന്നൊരുക്കം

-> ഗണിതാശയങ്ങളിൽ കൂടി കൈവരിച്ച തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

-> പ്രയോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു.

## ജൂൺ

→ 1, 2, 3, 4, ....

1, 3, 5, 7, ....

10, 20, 30, 40, ....

5, 10, 15, 20, ....

2, 4, 6, 8, .... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

→ ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1, കുറച്ചാൽ തൊട്ടുമുൻപുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

## ജൂലൈ

→ ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ

→ ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

→ പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

## ആഗസ്റ്റ്

→ വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

→ സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10, പത്തുകൾ ചേർന്നാൽ 100

-> പ്രായോഗിക ഗണിതാശയ തലങ്ങളിൽ സംഖ്യകളെ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്റ്റംബർ

-> ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

-> വില വിവരപട്ടിക തയ്യാറാക്കൽ

-> ക്ലാസിലൊരു കട സ്കൂളിലൊരു കട, ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

-> രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

-> സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

-> സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ

## നവംബർ

-> സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

-> പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

-> നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

**ഡിസംബർ**

-> സംഖ്യാബോധം തിരിച്ചറിവിൽ, സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ

-> സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ

-> രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്തുന്ന രീതികൾ

**ജനുവരി**

-> വിലവിവരപ്പട്ടിക തയ്യാറാക്കൽ, പട്ടികപ്പെടുത്തൽ

-> സങ്കലന, വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

**ഫെബ്രുവരി**

-> ഗണിതം അസ്വാദ്യകരമാക്കാൻ ഗണിതപ്പാട്ടുകൾ

-> ഉല്ലാസ ഗണിതം Meterials ഉപയോഗിച്ച് ഗണിത പ്രശ്നം പരിഹരിക്കൽ.

**മാർച്ച്**

-> കലണ്ടർ പതിപ്പ് തയ്യാറാക്കൽ

-> കലണ്ടറിലെ ചുവപ്പ്, കറുപ്പ് അക്കങ്ങളുടെ തിരിച്ചറിവ്

-> കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ

-> ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക

# English

## Academic Master plan

Std : II

## Aim

To speak, Read & Write English without any mistakes.

Time : June, July, August

## June

Pretest – To develop listening skills & learning reading skills first

## Listening skills

Games action songs, Hello English activities, 2 conversations, skit stories
Use ICT

## Speaking skills

Descriptions, growing sentences, picture reading, Picture description, self Introduction
Assembly activities – speech, book review, quiz riddles, self introduction. school radio etc

July & August

- Reading skills

News paper reading, library books reading book review, reading breaking news, Find words. collect and read past tense, rhyming words, describing words etc. Text book activities

- Writing skills

Make word web, picture description, word chain, sentence chain, Make words, and make riddles conversations, add more lines develop story, desreption, notice proclamation diary letter announcement, magazines.

# മലയാളം

# അക്കാദമിക മാസ്റ്റർ പ്ലാൻ

Std : II

## പ്രവർത്തന ലക്ഷ്യങ്ങൾ

-> രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

-> രണ്ടാം ക്ലാസിലെ എല്ലാകുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

-> എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

-> വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

-> ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ, എന്നിവ തയ്യാറാക്കുന്നു.

-> ആശയം ഈണം, താളം, എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത്, കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

## മുന്നൊരുക്കം

-> പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

-> കുട്ടികളുടെ നിലവാരത്തിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ CATP നടത്തി എല്ലാ മാസവും പിന്നോക്കക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

-> രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

## ജൂൺ

1) ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

2) ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

3) വായനാ സാമഗ്രികൾ നിർമ്മിക്കൽ

4) വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

-> ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

-> ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

-> സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

-> ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

-> രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

-> വീട്ടു ലൈബ്രറി ഒരുക്കൽ

-> ചിത്ര വിതരണം

-> വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

-> വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

-> വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

-> ചോദ്യങ്ങൾ ഉണ്ടാക്കൽ

-> വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

-> കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

-> വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ

ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

## നവംബർ

-> കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

-> ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

-> ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാസികകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനവരി

-> വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ.

-> ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

-> എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ

-> കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

## മാർച്ച്

-> വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ

-> ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

-> വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

Std: III

അക്കാദമിക് മാസ്റ്റർ പ്ലാൻ

# മലയാളം

## ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

-> സമഗ്രപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിതസന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും

-> കവിതകളും പാട്ടു ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും

-> രചനകൾ ഭാവാത്മകമായി വായിക്കും.

-> ആസ്വദിച്ച് ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല്... എന്നിവ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും

-> ലളിതമായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)

-> കഥകളെയും കവിതകളേയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

-> ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

## ഇതിനായി നടത്തേണ്ട മുന്നൊരുക്കങ്ങൾ

### ജൂൺ – ജൂലായ്

1. കനകച്ചിലങ്ക

-> നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)

-> പഴഞ്ചൊല്ലുകൾ ശേഖരണം

-> കഥാശേഖരം – ക്ലാസ് ലൈബ്രറി നവീകരണം (നാടകം)

-> നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശിൽപശാല)

-> കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

-> കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ – കടങ്കഥ പതിപ്പ് – കടങ്കഥപ്പയറ്റ്

-> കലയിലെ കേമൻ – കലാകാരനെ പരിചയപ്പെടാം – അഭിമുഖ സംഭാഷണം

-> കലാ രൂപങ്ങൾ വേഷവിധാനം – ചിത്രശേഖരണം – ആൽബം

-> പാവനാടകത്തെ അടുത്തറിയാം – ശില്പശാല

## ആഗസ്റ്റ് - സെപ്റ്റംബർ

### 2. ഫലഹാരവൈവിധ്യം

→ കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
→ ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
→ നാടക ശില്പശാല
→ റോൾ പ്ലേ അവതരണങ്ങൾ
→ ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
→ ഫലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ
→ കത്തുകൾ മാതൃകകൾ
→ ഹരിത കർമ്മ സേനാ അംഗങ്ങളുമായി അഭിമുഖം
→ സ്കൂൾ പത്രം
→ വിമല വിദ്യാലയം -ശുചിത്വ പരിപാടി തയ്യാറാക്കൽ

### മികവുത്സവം

→ നാടോടിക്കഥ അവതരണം
→ നാടൻപാട്ട് അവതരണം
→ പാവനാടകം അവതരണം

ഒക്ടോബർ

5. മനുഷ്യന്റെ കൈകൾ

→ കൃഷിയിടം സന്ദർശനം
→ കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
→ കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്,
→ നാടൻപാട്ട്, ശില്പശാല

Std - III

Master Plan - 2025 - 2026

# English

# English Master Plan

**Aim :-**

To speak, read and write english without any mistakes

**Time** : June to march

To check the vocabulary and writing skills of pupils.

**Activities**

**June and July**

Pre test

To develop listening skills and reading skills.

**Listening skills**

Games, action songs.

→ Hello english activities.

→ Conversations

→ Skit stories

→ Skit stories
→ Use ICT

Speaking skills.

* Identify the naming words from the picture.
* Identify the action words from the picture
* Make the simple sentences using the words.
* Make simple description about the picture
* Growing sentences, picture reading, self introductions.

August and September

* Develop the creative speaking & writing

Reading skills

→ Books reading
→ Find words.
→ Collect and read past tense.
→ Rhyming words
→ T.B activities

Writing skills

* Make word web
* Picture description
* Word chain
* Make words and sentences
* Make riddles , conversations.
* Add more lines.

October and November

→ To express thoughts , feelings etc...

Reading skills.

- Library ~~book~~ reading.
- Conversations , skit , stories , use ICT.
- Notice reading.
- Developing the stories.

Writing skills :-

- Descriptions
- Thoughts.

## December and January

Develop the creative speaking & writing

### Reading skills

- Library books reading.
- Conversations, skit, stories, use ICT
- Developing the story
- Diary reading
- Announcement.

## February and March

* To improve the presentation power.

### Reading skills

- Library book reading
- Conversations, skit, stories.
- Developing the story

### Writing skills

- Diary
- Descriptions
- Thoughts
- Exhibition.

# അക്കാദമിക

## മാസ്റ്റർ പ്ലാൻ

2025-2026

**Std- III**

## പരിസരപഠനം

# പരിസരപഠനം

**ലക്ഷ്യങ്ങൾ:-**

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
* വ്യക്തി ശുചിത്വം, പരിസര ശുചിത്വം.
* ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപ്പര്യവും വളർത്തുക
* മാനുഷിക വികാരങ്ങൾ മനസ്സിലാക്കാനും, വിലമതിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* നിരീക്ഷണം, ആശയവിനിമയം, ദത്തങ്ങൾ ശേഖരിക്കൽ, രേഖപ്പെടുത്തൽ, നിഗമനം എന്നിവയിലൂടെ പ്രശ്നപരിഹരണ ശേഷി വളർത്തിയെടുക്കൽ.
* തീരുമാനമെടുക്കാനുള്ള കഴിവ്
* പട്ടികപ്പെടുത്തൽ, തരംതിരിക്കൽ
* പട്ടിക അപഗ്രഥിക്കൽ, നിഗമനം രൂപീകരിക്കൽ
* പരീക്ഷണത്തിലേർപ്പെടൽ, ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ ഇവയിൽ കഴിവ് വളർത്തുക
  കുറിപ്പ് തയ്യാറാക്കുക.
* കണ്ടെത്തിയവയെ പുതിയ ആശയവുമായി ബന്ധിപ്പിക്കുന്നു.
* ശാസ്ത്രാശയങ്ങൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്നു.

## പ്രവർത്തനങ്ങൾ

### നിരീക്ഷണം

* ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ച് പട്ടികപ്പെടുത്തൽ, തരം തിരിക്കൽ, വൈവിധ്യം മനസ്സിലാക്കൽ.
* പൂക്കൾ നിരീക്ഷിച്ച് പേര് പട്ടികപ്പെടുത്തൽ, തരം തിരിക്കൽ, വൈവിധ്യം മനസ്സിലാക്കൽ.
* ഇല നിരീക്ഷണം, വൈവിധ്യം മനസ്സിലാക്കൽ
* സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ, ഉപയോഗങ്ങൾ
* ജന്തുജാലങ്ങളിലെ വൈവിധ്യം
* പട്ടികപ്പെടുത്തൽ, തരം തിരിക്കൽ
* പ്രത്യേകതകൾ മനസ്സിലാക്കാം.

### പോസ്റ്റർ നിർമ്മാണം

പ്രകൃതി സംരക്ഷണ പോസ്റ്റർ, തയ്യാറാക്കൽ, പരിസരങ്ങളിൽ പതിക്കൽ.

### ദാഹജലം

വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം ഒരുക്കാം.

### ഒരുതൈ നടാം

വൃക്ഷത്തൈ നടൽ, പരിപാലിക്കൽ

## പൂന്തോട്ടം ഒരുക്കാം

വീടുകളിൽ പൂന്തോട്ടം ഒരുക്കാം. അത് പരിപാലിക്കാം, വിവിധ ചെടികൾ, പൂക്കളുടെ പേരു

## ദിനാചരണങ്ങൾ

ഓരോ ദിവസവും അതിന്റെ പ്രത്യേകതകൾ, ചെയ്യേണ്ട കാര്യങ്ങൾ വിവരിക്കുന്നു.

## ദിനചര്യകൾ

ദിവസവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ചർച്ചയിലൂടെ ഉറപ്പിക്കുന്നു. ഓരോ ദിവസത്തെ പരിശോധന ഓരോ ഗ്രൂപ്പ് വഴി ചർച്ച ചെയ്യുന്നു. ക്ലാസ് തല ശുചിത്വ മത്സരം വ്യക്തിശുചിത്വം, ക്ലാസ്സും ഇവ അടിസ്ഥാനമാക്കി പോയിന്റ് നൽകുന്നു.

## പരീക്ഷണങ്ങൾ

വിത്ത് മുളപ്പിക്കൽ, മഷിത്തണ്ട് ചെടി പരീക്ഷണം, മിട്ടായി അലിച്ചു, മണ്ണിൽ വായുവുണ്ടോ? തീ കത്താൻ വായു ആവശ്യമാണോ? നമ്മുടെ കയ്യിൽ അഴുക്കുണ്ടോ? ടെക്സ്റ്റ് ബുക്ക് പ്രവർത്തനങ്ങൾ.

ക്ലാസ് III ഗണിതം

## പ്രവർത്തനങ്ങൾ

### ജൂൺ

സംഖ്യകൾ എഴുതിയ കാർഡ് കുട്ടികൾക്ക് നൽകുന്നു. (രണ്ടക്ക സംഖ്യ). കിട്ടിയ സംഖ്യ വായിക്കുന്നു.
മറ്റുള്ളവർ സംഖ്യ എഴുതുന്നു.
തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതട്ടെ.
തുടർന്ന് മൂന്നക്ക സംഖ്യകൾ ഉപയോഗിച്ചും ഈ പ്രവർത്തനം ചെയ്യുന്നു.
സംഖ്യകളെ കളിനോട്ട് ഉപയോഗിച്ച് 1, 10, 100 ഇവയുടെ കൂട്ടങ്ങളാക്കി മാറ്റുന്നു.
സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിലെഴുതുന്നു.

### ജൂലൈ

ഓരോ കുട്ടിയും ഒരു മൂന്നക്ക സംഖ്യ B.B യിൽ എഴുതുന്നു
സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു

### ഓഗസ്റ്റ്

സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.
അരവിന്ദ് ഗുപ്ത കാർഡുപയോഗിച്ച് സംഖ്യ നിർമിക്കുന്നു.
നിർമിച്ച സംഖ്യകളുപയോഗിച്ച് സങ്കലന വ്യവകലന ക്രിയകൾ ചെയ്യുന്നു.

**സെപ്റ്റംബർ**

ഗണിത വിജയം കളികൾ
ടീച്ചർ B.B യിൽ സംഖ്യ എഴുതുന്നു
വിവിധ ക്രിയകൾ അടങ്ങിയ ചാർട്ടുകൾ കുട്ടികൾക്ക് നൽകുന്നു.
ക്രിയ ചെയ്ത് ആരുടെ ഉത്തരമാണ് B.B യിലേത് എന്ന് കണ്ടെത്തട്ടെ.

**ഒക്ടോബർ**

ചതുരം, വട്ടം, ത്രികോണം ഇവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കുന്നു.
മഞ്ചാടിക്കുരു ഉപയോഗിച്ച് ആവർത്തന സങ്കലനത്തിലൂടെ ഗുണന വസ്തുതകൾ രൂപീകരിക്കുന്നു.

**നവംബർ**

ഡൈസ് ഉപയോഗിച്ച് ഒരക്ക സംഖ്യ, രണ്ടക്ക സംഖ്യ, മൂന്നക്ക സംഖ്യ ഇവ രൂപീകരിക്കുന്നു. സംഖ്യകൾ ഉപയോഗിച്ച് വിവിധ ക്രിയകൾ ചെയ്യട്ടെ.

**ഡിസംബർ**

വർക്ക്ഷീറ്റ് പ്രവർത്തനങ്ങൾ
അക്കങ്ങൾ ആവർത്തിക്കാതെ മൂന്നക്ക സംഖ്യ ഉണ്ടാക്കൽ
ഗണിത കളികൾ

**ജനുവരി**

കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, കുട, ബാഗ് etc. ഇവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു. കളിനോട്ട് ഉപയോഗിച്ച് കച്ചവടം ചെയ്യുന്നു. സാധനം വാങ്ങുകയും പണം കൈകാര്യം ചെയ്യുകയും ചെയ്യുന്നു.

Academic Master Plan

2025 - 2026

# English

Std - IV

| Learning outcomes | Activities | Activity details |
|---|---|---|
| * Describes the picture. | Picture description | > The teacher shows a picture<br>> Discussion<br>> The children talk about the picture.<br>Slow learners:<br>Give opportunity to express their ideas in malayalam. |
| * Arrange words in alphabetical order | Dictionary | > Introducing the dictionary<br>> Give words.<br>> Arranging words in alphabetical order. |
| * Add more exchanges to the conversation suitable to the context | Conversation | > Reading the conversation<br>> Conversation is acting with friends.<br>> Add more exchanges to conversation.<br>Slow learners:-<br>Give opportunity to express their ideas in malayalam. |

| | | |
|---|---|---|
| * Identify rhyming words from the poem. | Rhyming words. | > Plays the audio of the song.<br>> Let the learners sing after the audio.<br>> Discussion<br>> Identifies rhyming words. |
| * Add lines to the poem following a set of pattern | Add more lines. | > Plays the audio of song.<br>> Let the learnes sing after the audio.<br>> Add lines to the poem. |
| * Read and understand the given stories and poems. | Let's read | > Provide the opportunity to read simple stories and poems.<br>> They tell the stories they read. |

| | | |
|---|---|---|
| * Undertakes simple project works | Project work. | > Give instructions<br>> Data collection<br>> Codifying |
| * Make simple riddles | Riddles. | > Give children the oppertunity to hear and answer simple riddles<br>> Make simple riddles.<br>Slow learners:<br>Give an oppertunity to express their ideas in malayalam. |
| | | |

# അക്കാദമിക

# മാസ്റ്റർപ്ലാൻ

## Std - IV

## പരിസരപഠനം

2025 - 2026

## പ്രവർത്തനങ്ങൾ

### പരിസര നടത്തം

സ്കൂൾ ചുറ്റുപാട് നിരീക്ഷണം, തുടർന്ന് ഏതെങ്കിലുമൊരു ആവാസവ്യവസ്ഥ മനസ്സിലാക്കുന്നതിനായി ഫീൽഡ് ട്രിപ്പ് നടത്തുന്നു (ജൂൺ)

### വീഡിയോ പ്രദർശനം

വനനശീകരണം, കീടനാശിനി പ്രയോഗം, മണൽ വാരൽ, വയൽ നികത്തൽ, എന്നിവയുടെ വീഡിയോ പ്രദർശനം. കല്ലേൻ പൊക്കുടന്റെ പരിസ്ഥിതി സംരക്ഷണ പ്രവർത്തന വീഡിയോ (ജൂലൈ)

### പ്രോജക്ട് ചെയ്യാം:-

ഇലകളിലെ സിരാവിന്യാസം വേരുപടലം, ബീജപത്രങ്ങളുടെ എണ്ണം എന്നിവ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ലഘു പ്രോജക്ടുകൾ നിർവഹിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു.

### വീഡിയോ പ്രദർശനം

ദണ്ഡിയാത്ര, ചമ്പാരൻ സത്യാഗ്രഹം, ഖേഡാ സമരം, അഹമ്മദാബാദ് തുണി മിൽ സമരം

തിടങ്ങിയവയുടെ വീഡിയോ പ്രദർശനം.

പക്ഷി നിരീക്ഷണം

അവരുടെ വീട്ടുമുറ്റത്ത് വരുന്ന പക്ഷികളെ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുന്നു. (ആഹാര-സമ്പാദനം, പക്ഷിയുടെ നിറം എപ്പോഴാണ് കണ്ടത്, ഒറ്റയ്ക്കോ കൂട്ടമായോ, അവയുടെ കൊക്ക്, കാല് ഇവയുടെ പ്രത്യേകത. പ്രത്യേക ശബ്ദമുണ്ടാക്കുന്നെങ്കിൽ അതും.....)

കൂടുകൾ :-

തൂക്കണാം കുരുവിയുടെ കൂടു നിർമ്മാണം, വീഡിയോ പ്രദർശനം, വാൾകൊക്ക്, തേൻകുരുവി, കാട്ടുപ്രാവ്, വർണ്ണക്കൊക്ക്, താമരക്കോഴി, തത്ത ഇവയുടെ ശാരീരിക പ്രത്യേകതകൾ, അനുകൂലനങ്ങൾ - വീഡിയോ പ്രദർശനം.

നാടൻ പാട്ടുകൾ... നാടൻ കളികൾ

നാടൻ പാട്ടുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു. നാടൻ കളികളും അവയുടെ നിയമാവലിയും തയ്യാറാക്കുന്നു. വിവിധ ഉത്സവങ്ങൾ - വീഡിയോ

**ഭൂമിയുടെ കറക്കം/രാവും പകലും എങ്ങനെ ഉണ്ടാകുന്നു.**

ഭൂമി ചരിഞ്ഞും കറങ്ങുന്നതെങ്ങനെയാണ്? രാത്രിയും പകലും ഉണ്ടാകുന്നതെങ്ങനെ തുടങ്ങിയ വീഡിയോ പ്രദർശിപ്പിക്കുന്നു.

**ചാന്ദ്രദിനപ്പാട്ട്**

ചാന്ദ്രദിനം ജൂലൈ ഇരുപതിനല്ലോ..... എന്ന് തുടങ്ങുന്ന ചാന്ദ്രദിനപ്പാട്ട് പാടിപ്പഠിക്കുന്നു.

**പരീക്ഷണം....**

- ഖരം, ദ്രാവകം, വാതകം എന്നിവയ്ക്ക് ആകൃതിയുണ്ട്, ഭാരമുണ്ട് എന്ന് തെളിയിക്കുന്നുണ്ട്.
- വസ്തുക്കൾക്ക് സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ്.
- ബലൂൺ ബോട്ട് നിർമ്മാണം (വായുവിന് ശക്തിയുണ്ട്) അങ്ങനെ തുടങ്ങിയ വിവിധ പരീക്ഷണങ്ങൾ ഉണ്ട്.
- ജലചക്രം (ഒഴുകുന്ന ജലത്തിന് ശക്തിയുണ്ട്) ജലവുമായി ബന്ധപ്പെട്ട വിവിധ പരീക്ഷണങ്ങൾ ഉണ്ട്.

അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

IV

# ഗണിതം

Std: IV

# ഗണിതം

| പഠനനേട്ടം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എഴുതുന്നു) | നറുക്കെടുക്കാം | > സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>> കിട്ടിയ സംഖ്യ വായിക്കാം<br>> മറ്റുള്ളവർ സംഖ്യ എഴുതുന്നു. | |
| | 10 ചങ്ങാതിമാർ | > സംഖ്യാ നറുക്ക് എടുക്കുന്നു.<br>> കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചുശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതുന്നു. | |
| | പാറ്റേൺ പൂർത്തിയാക്കാം | വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | |
| | ക്രമത്തിലാക്കാം | > വ്യത്യസ്ത സംഖ്യകൾ നൽകുന്നു<br>> ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതാം. | |
| മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | > ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>> കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | |

| | | | |
|---|---|---|---|
| | > സംഖ്യാ സൂര്യൻ<br><br>> ക്രമീകരിക്കാം | > ഓരോ കുട്ടിക്കും ഒരു മൂന്നക്കസംഖ്യ ബോർഡിൽ എഴുതാം<br>> ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു.<br>> സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>> അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. | |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | > ക്ലാസിൽ ഒരു കട/കച്ചവട കാണാം | > കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>> ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>> ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>> കളിനോട്ട് ഉപയോഗപ്പെടുത്തി കച്ചവടങ്ങളി ഒരുക്കുന്നു.<br>> കടക്കാരനും, കസ്റ്റമറും കുട്ടികൾ തന്നെ<br>> സാധനങ്ങൾ വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു. | |

| | | | |
|---|---|---|---|
| | | >ഗ്രൂപ്പിൽ ചർച്ച നടത്തുന്നു.<br>>പ്രശ്നങ്ങൾ ഗ്രൂപ്പിൽ അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | |
| | സമയ ചക്രം | >Black & white ചാർട്ട് ഉപയോഗിച്ച് സമയ ചക്രം തയ്യാറാക്കുന്നു (am & pm)<br>>സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു. | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സംഖ്യാചക്രം | >സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തിരഞ്ഞെടുക്കുന്നു<br>>അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം | |
| | ഭാഗ്യവാനെ കണ്ടെത്താം | >അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>>വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തിരഞ്ഞെടുക്കാൻ അവസരം<br>>ക്രിയ ചെയ്യാം | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

IV

# മലയാളം

Std. IV

# മലയാളം

മധുരം മലയാളം

| പഠനനേട്ടം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| > അക്ഷര സ്ഫുടതയോടെയും ഉച്ചാരണശുദ്ധിയോടെയും ആശയ വ്യക്തതയോടെയും ഉള്ള വായന | > വായിക്കാം എഴുതാം വായിക്കാം<br><br>> വായിക്കാം എഴുതാം വായിക്കാം | > കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന<br>> നിശബ്ദ വായന<br>> വായനാ കാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതൽ<br>> നിശബ്ദ വായന<br>> ഉച്ചത്തിൽ വായന<br>> വായനാ കാർഡ് നൽകുന്നു.<br>> കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>> വായനാകാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതൽ<br>> കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>> കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 1 മാസം |

| | | | |
|---|---|---|---|
| | > ആശയം പറയാം | > കുട്ടിക്ക് കഥാപുസ്തകം / വായനാകാർഡ് നൽകുന്നു.<br>> നിശബ്ദ വായന<br>> വായിച്ചറിഞ്ഞ ആശയം പറയൽ<br>> ആവശ്യമെങ്കിൽ ആവർത്തന വായന<br>> കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയും ഉച്ചത്തിൽ വായന | |
| | > ആശയം പറയാം | > കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>> കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു. | |
| | തുടർപ്രവർ-ത്തനം | > വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു.<br>> കുട്ടിക്ക് വായനാകാർഡ് നൽകുന്നു | |
| | വായിക്കാം കൂട്ടുകാരെ | > നിശബ്ദ വായന<br>> ഉച്ചത്തിൽ വായന<br>> കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന | |

| | | | |
|---|---|---|---|
| | >വായിക്കാം കൂട്ടുകാരെ<br>> തുടർപ്രവർത്തനം<br>> വായിക്കാം അഭിപ്രായം പറയാം<br>> ക്ലാസ് റൂം ലൈബ്രറി | > കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു<br>> കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>> കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു.<br>> കുട്ടികൾക്ക് കഥാകാർഡ് നൽകുന്നു<br>> വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>> ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു.<br>> ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ നിയമിക്കുന്നു.<br>> പുസ്തക വിതരണം<br>> വായന, വായനാനുഭവം പങ്കുവയ്ക്കൽ | |
| >കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു | >കഥ കാണാം എഴുതാം | > കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം<br>> കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം.<br>>കഥ സ്വയം എഴുതൽ | |

| | | | |
|---|---|---|---|
| | > കഥ കാണാം<br>> എഴുതാം<br>> തുടർപ്രവർത്തനം | > അധ്യാപകരുടെ ഇടപെടൽ<br>> മെച്ചപ്പെടുത്തി എഴുതൽ<br>> രക്ഷിതാവിന് കൂടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു.<br>> കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/ വീഡിയോ അയച്ച് തരുന്നു. | |
| | > ചിത്രത്തിലെ-ന്തെല്ലാം | കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു.<br>> ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം.<br>> വിവരണം എഴുതൽ<br>> അധ്യാപകരുടെ ഇടപെടൽ<br>> രചന മെച്ചപ്പെടുത്തൽ | |
| | > എന്തെല്ലാം കാഴ്ചകൾ | > കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് എഴുതാൻ അവസരം | |

| | | | |
|---|---|---|---|
| | കവിത പൂർത്തിയാക്കാം പാടി അവതരിപ്പിക്കാം | > എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ / വീഡിയോ അയക്കുന്നു.<br>> കവിത പൂർത്തിയാക്കാൻ അവസരം<br>> കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.<br>> കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു.<br>Eg: വിടുപുഷ്പ പൂന്തോട്ടത്തിൽ<br>വാർത്തയെന്തുണ്ട്?<br><br>വിടുപുഷ്പ പൂന്തോട്ടത്തിൽ വാർത്തയെ-<br>ന്തുണ്ട്?<br>നാട്ടുമാവ് പൂത്തുലഞ്ഞ വാർത്തയുണ്ടല്ലോ:<br><br>വിടുപുഷ്പ പൂന്തോട്ടത്തിൽ വാർത്തയെ-<br>ന്തുണ്ട്?<br>മാഞ്ചുവടിൽ മാങ്ങ വീണ വാർത്തയുണ്ടല്ലോ<br>- - - - - - - - - - - - - - - -<br>- - - - - - - - - - - - - - - -<br>- - - - - - - - - - - - - - - - | |

| | | | |
|---|---|---|---|
| | | > കുട്ടി എഴുതിയ കവിത രക്ഷിതാവിന് പാടിക്കേൾപ്പിക്കുന്നു.<br>> കവിത പാടുന്നതിന്റെ ഓഡിയോ/വീഡിയോ അയക്കുന്നു. | |
| | > സർഗാത്മക രചന | > കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം.<br>> കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ/നിർദേശങ്ങൾ നൽകുന്നു.<br>> കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br>> കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | |
| | ക്ലാസ് റൂം ലൈബ്രറി | > വായനാ കുറിപ്പ് | |

# Academic Master Plan

## Arabic 2025-26

class

I to IV

ലക്ഷ്യങ്ങൾ :-

* അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്
* ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന, പദനിർമ്മാണം, പദശേഖരണം.
* ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു.
* കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നു.
* മാഗസിൻ നിർമ്മാണം
* ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| ലക്ഷ്യങ്ങൾ | ലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | കാലയളവ് |
|---|---|---|---|
| അക്ഷരവായന | അക്ഷരകാർഡുകൾ നൽകുന്നു. | തെറ്റായ രീതിയിൽ നൽകി കുട്ടികൾ അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു. | കുട്ടികൾ വഴി കാർഡുകൾ ജൂലായ് ആഗസ്റ്റ് |
| എഴുത്തുരീതി | അക്ഷരങ്ങൾക്ക് നിറം നൽകൽ | രക്ഷിതാവിന്റെ സഹായത്തോടെ കുട്ടിയെ പരിശീലിപ്പിക്കുന്നു. | |

| ലക്ഷ്യങ്ങൾ | ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മവൽക്കരണം | കാലയളവ് |
|---|---|---|---|
| ചിഹ്നങ്ങൾ ചേർത്തുവായന | ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>ICT ഉപയോഗിക്കുന്നു. | അക്ഷരപഠന സഹായി ഉപയോഗിക്കുന്നു. | |
| വിവിധ അക്ഷരങ്ങളുടെ ചാർട്ടുകൾ മനസ്സിലാക്കി എഴുതുക.<br>ചിത്രങ്ങൾക്ക് അറബിയിൽ യോജിച്ച പേരുകൾ കണ്ടെത്തുക | അറബിയിൽ അക്ഷരങ്ങളുടെ കാർഡുകൾ തയ്യാറാക്കുന്നു. അത് കുട്ടികൾക്ക് നൽകി അത് ഉപയോഗിച്ച് കുട്ടികൾ അധ്യാപകർ പറയുന്ന വാക്കുകൾ നിർമ്മിക്കുന്നു. | കുട്ടികൾ വാക്കുകൾ കണ്ടെത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നു. | |

| ലക്ഷ്യങ്ങൾ | ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ തെരഞ്ഞെടുത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | കാലയളവ് |
|---|---|---|---|
| പദനിർമ്മാണം പദശേഖരണം | * അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു.<br>* പാഠപുസ്തകങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>* പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു.<br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു. | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ നിത്യേന ക്ലാസിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സ്കൂളുകളിലും സന്ദർഭാനുസരിച്ച് പറഞ്ഞ് ശീലിക്കൽ | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ |
| ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പോഷകപരിപാടി | എഴുത്ത്, വായന<br>* ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. | | |

| ലക്ഷ്യങ്ങൾ | ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിലാക്കാൻ വരുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | കാലയളവ് |
|---|---|---|---|
| വായനാലോകം<br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ<br>* നല്ല വായനക്കാരാക്കുക | പുസ്തക വായന<br>വായനക്കാർഡ് വായന (അറബിക്)<br>ക്ലാസ് വായന<br>ഒരേ പിരീഡിലും ഒരു കുട്ടി പുസ്തകത്തിന്റെ ഒരു പേജ് വായിക്കുന്നു. | വീട്ടിലെ വായന പ്രോത്സാഹിപ്പിക്കുന്നു. | |
| ആസ്വാദനലോകം | അറബിക് കഥകളും പാട്ടുകളും, ഷോർട്ട് ഫിലിമുകളും പ്രൊജക്ടറിന്റെ സഹായത്തോടെ കുട്ടികളെ കേൾപ്പിക്കുന്നു. | | |
| നല്ലെഴുത്ത്<br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | കുട്ടികൾക്ക് കയ്യെഴുത്ത് മത്സരം സംഘടിപ്പിക്കുന്നു. | | |

| ലക്ഷ്യങ്ങൾ | ലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | അവലോകനം |
|---|---|---|---|
| മാഗസിൻ നിർമ്മാണം | പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉപയോഗിച്ച് മാഗസിൻ നിർമ്മിക്കുന്നു. | രക്ഷിതാവിന്റെയും ടീച്ചറുടെയും സഹായത്തോടെ ഓരോ പാഠഭാഗത്തിന്റെയും പ്രവർത്തനങ്ങൾ ചിത്രസഹിതം A4 പേപ്പറിൽ എഴുതുന്നു. | ജൂൺ- മാർച്ച് |
| ദിനാചരണങ്ങൾ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറിവിൽ പോസ്റ്റർ രചന നടത്തുന്നു.<br>ഓരോ ദിനാചരണത്തിന്റെയും ഭാഗമായി ക്വിസ് മത്സരം നടത്തുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രസഹിതം പോസ്റ്ററുകൾ തയാറാക്കുന്നു. | ജൂൺ- മാർച്ച് |

# GHWLPS പട്ടുവം

## പ്രവർത്തന കലണ്ടർ 2025-26

| തീയതി | പ്രവർത്തനം |
|---|---|

### ജൂൺ 2025
2 പ്രവേശനോത്സവം
3 ഉച്ചഭക്ഷണക്കമ്മറ്റി രൂപീകരണം
5 ലോക പരിസ്ഥിതി ദിനം
18 CPTA, ആരോഗ്യക്ലാസ്സ്, ജാഗ്രതാസമിതി രൂപീകരണം
19 വായനാ മാസാചരണം-തുടക്കം
26 ലോകമയക്കുമരുന്ന് വിരുദ്ധ ദിനം

### ജൂലൈ
5 വൈക്കം മുഹമ്മദ് ബഷീർ ചരമ ദിനം
17 PTA ജനറൽ ബോഡി
21 ചാന്ദ്ര ദിനം

### ഓഗസ്റ്റ്
6 ഹിരോഷിമ ദിനം
9 നാഗസാക്കി ദിനം, ക്വിറ്റിന്ത്യാ ദിനം
15 സ്വാതന്ത്ര്യ ദിനം
17 കർഷക ദിനം
22 ലോക നാട്ടറിവ് ദിനം

### സെപ്റ്റംബർ
5 അദ്ധ്യാപക ദിനം
16 ഓസോൺ ദിനം

### ഒക്ടോബർ
2 ഗാന്ധി ജയന്തി
13 സംസ്ഥാന കായിക ദിനം

### നവംബർ
1 കേരളപ്പിറവി ദിനം
14 ശിശു ദിനം
19 മാതൃ ദിനം

### ഡിസംബർ
10 മനുഷ്യാവകാശ ദിനം
19 ക്രിസ്തുമസ് ആഘോഷം

### ജനുവരി
1 പുതുവത്സര ദിനം
8 ഗലീലിയോ ഗലീലി ചരമ ദിനം
26 റിപ്പബ്ലിക് ദിനം
30 രക്തസാക്ഷി ദിനം

### ഫെബ്രുവരി
2 ലോക തണ്ണീർതട ദിനം

### മാർച്ച് 2026
8 അന്താരാഷ്ട്ര വനിതാ ദിനം
22 ലോക ജലദിനം

### മറ്റ് പ്രവർത്തനങ്ങൾ
* എല്ലാ വെള്ളിയാഴ്ചയും SRG
* ഓരോ യൂണിറ്റിനും ശേഷം യൂണിറ്റ് ടെസ്റ്റ്
* ആഴ്ചയിൽ 2 ദിവസം സ്കൂൾ അസംബ്ലി
* പരീക്ഷകൾ മൂല്യനിർണയങ്ങൾ കഴിഞ്ഞാൽ CPTA
* എല്ലാ ദിവസവും 2 പൊതു വിജ്ഞാന ചോദ്യങ്ങൾ നൽകൽ മാസാവസാനം മെഗാ ക്വിസ്.
* ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ പഠനവിടവ് നികത്തൽ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടം;
*